സി1/164/2025/റ്റിസി

**മോട്ടോർ വാഹന വകുപ്പ് , കേരളം**
**ട്രാൻസ്പോർട്ട് കമ്മീഷണറുടെ കാര്യാലയം**
തീയതി: 14-04-2025

**സർക്കുലർ:10/2025**


സർ,

വിഷയം:- *മോട്ടോർ വാഹന വകുപ്പ്* — മോട്ടോർ വാഹന വകുപ്പ് - ഡ്രൈവിംഗ് സ്കൂൾ വാഹനങ്ങൾക്ക് ബോണറ്റ് നമ്പർ സംവിധാനം നടപ്പിലാക്കുന്നത് - സംബന്ധിച്ച് .

സൂചന :- ബഹുമാനപ്പെട്ട ഗതാഗത മന്ത്രിയുടെ നേതൃത്വത്തിൽ 5.3.2025 തീയതി കൂടിയ യോഗത്തിന്റെ തീരുമാനം.

കേന്ദ്ര മോട്ടോർ വാഹന ചട്ടം 24 ലെ ഉപ ചട്ടം 3 (iv ) പ്രകാരം ഡ്രൈവിംഗ് സംബന്ധിച്ച പരിശീലനവും നിർദേശങ്ങളും പഠിതാക്കൾക്ക് നൽകുന്നതിനായി ഡ്രൈവിംഗ് സ്കൂൾ / സ്ഥാപനത്തിൻറെ ഉടമയ്ക്ക് ഓരോ തരത്തിലും പെട്ട ഒരു വാഹനമെങ്കിലും സ്വന്തമായി ഉണ്ടാകേണ്ടതും പരിപാലിക്കേണ്ടതുമാണ്

ആയതിന്റെ അടിസ്ഥാനത്തിൽ സൂചന പ്രകാരം സംസ്ഥാനത്തെ എല്ലാ അംഗീകൃത ഡ്രൈവിംഗ് സ്കൂളുകളുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഡ്രൈവിംഗ് സ്കൂൾ വാഹനങ്ങൾക്കും ബോണറ്റ് നമ്പർ ഏർപ്പെടുത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ആയതിനാൽ, എല്ലാ റീജണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും അവരവരുടെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഡ്രൈവിംഗ് സ്കൂളുകളുടെ വാഹനങ്ങൾക്ക് ഡ്രൈവിംഗ് സ്കൂളിന് നൽകിയിട്ടുള്ള ലൈസൻസ് നമ്പറിന്റെ മുൻഗണന ക്രമപ്രകാരം താഴെ പറഞ്ഞിട്ടുള്ള മാതൃകയിൽ ബോണറ്റ് നമ്പർ അനുവദിക്കേണ്ടതും, ഓരോ ഡ്രൈവിംഗ് സ്കൂളിനും വാഹനങ്ങളുടെ എണ്ണം അനുസരിച്ച് യഥാക്രമം 1 മുതൽ നമ്പറുകൾ അനുവദിക്കേണ്ടതും പ്രസ്തുത നമ്പർ വാഹനങ്ങളിൽ പ്രദർശിപ്പിക്കേണ്ടതുമാണെന്നും നിർദ്ദേശിക്കുന്നു.




**പ്രദർശിപ്പിക്കേണ്ട വിധം:**

1). ലൈറ്റ് മോട്ടോർ വാഹനങ്ങളിൽ ബോണറ്റിന്റെ മധ്യഭാഗത്തും, പിൻഭാഗത്ത് പിറകിൽ നിന്നും വ്യക്തമായി കാണത്തക്ക വിധത്തിൽ ഡിക്കി ഡോറിന്റെ മധ്യഭാഗത്തും പ്രദർശിപ്പിക്കേണ്ടതാണ്.

2). ഹെവി വാഹനങ്ങളിൽ മുൻവശത്ത് വിൻഡ് സ്ക്രീനിന്റെ താഴെ മധ്യഭാഗത്തും, പിൻഭാഗത്ത്, റെയർ വിൻഡ് സ്ക്രീനിന്റെ താഴെ മധ്യഭാഗത്തുമായി പ്രദർശിപ്പിക്കേണ്ടതാണ് .

3). മോട്ടോർസൈക്കിളുകളിൽ ഫ്യൂവൽ ടാങ്കിന്റെ ഇടതുവശത്ത് പുറമേ നിന്നും വ്യക്തമായി കാണത്തക്ക വിധം പ്രദർശിപ്പിക്കേണ്ടതാണ്.

4). മോട്ടോർസൈക്കിൾ വിത്തൗട്ട് ഗിയർ വിഭാഗത്തിൽ വാഹനത്തിൻറെ മുൻഭാഗത്ത് രജിസ്ട്രേഷൻ പ്ലേറ്റിന് തടസ്സമാകാത്ത രീതിയിൽ പുറമേ നിന്നും വ്യക്തമായി കാണത്തക്ക വിധം പ്രദർശിപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

Signed by
Chakilam Nagaraju
Date: 14-04-2025 14:12:10

NAGARAJU CHAKILAM IPS
TRANSPORT COMMISSIONER

സ്വീകർത്താവ്,

1). എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും

2). എല്ലാ റീജണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
3). എല്ലാ ജോയിൻ റീജണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും